**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമം**

**(സാന്നിദ്ധ്യം:- Gopinath R)**

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – ജീവനക്കാര്യം – ശ്രീ വേണു ആർ, ഓഫീസ് അറ്റൻഡന്റ് , ട്രാൻസ്പോർട്ട് കമ്മിഷണറേറ്റ് – അന്തർജില്ലാസ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ശ്രീ വേണു ആർ, ഓഫീസ് അറ്റൻഡന്റിന്റെ 19/01/2021 - ലെ അപേക്ഷ

**ഉത്തരവ് നമ്പർ. എ4/75/2020/ടിസി (iii) തീയതി 24/02/2021**

കേരള പബ്ലിക് സർവീസ് കമ്മിഷന്റെ കോഴിക്കോട് ജില്ലാതല നിയമനം വഴി മോട്ടോർ വാഹന വകുപ്പിൽ, ഹെഡ് ക്വാർട്ടേഴ്സ് ഒഴിവിലേക്ക് ഓഫീസ് അറ്റൻഡന്റായി ട്രാൻസ്പോർട്ട് കമ്മിഷണറേറ്റിൽ നിയമിതനായ ശ്രീ വേണു ആർ - ന്റെ പരാമർശം പ്രകാരമുള്ള അപേക്ഷ പരിഗണിച്ച തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ദേശസാൽകൃതവിഭാഗത്തിലെ നിലവിലുള്ള ഒഴിവിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

കോഴിക്കോട് ഡി. ആർ. ബി. മുഖേന നിയമിതനായ ശ്രീ വേണു ആർ, ഓഫീസ് അറ്റൻഡന്റ്, തിരുവനന്തപുരം ജില്ലയിലെ ഏറ്റവും ജൂനിയർ ആയി പരിഗണിക്കുക വഴി, ഉണ്ടാകുന്ന സീനിയോരിറ്റി നഷ്ടം ഭാവിയിൽ അവകാശപ്പെടില്ല എന്ന ടിയാന്റെ സത്യവാങ്മൂലം അംഗീകരിച്ച് ശ്രീ വേണു ആർ - നെ തിരുവനന്തപുരം ജില്ലയിലെ ഏറ്റവും ജൂനിയർ ആയി കണക്കാക്കി ഉത്തരവാകുന്നു.

Digitally signed by GOPINATH R
Date:Wed Feb 24 17:33:07 IST 2021
Reason: Approved

Gopinath R
Senior Administrative Officer

സ്വീകർത്താവ്,

1. ശ്രീ വേണു ആർ, ഓഫീസ് അറ്റൻഡന്റ്, ട്രാൻസ്പോർട്ട് കമ്മിഷണറേറ്റ്, തിരുവനന്തപുരം

2. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, ദക്ഷിണ മേഖല, തിരുവനന്തപുരം.
3. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ദേശസാൽകൃത വിഭാഗം, തിരുവനന്തപുരം.
4. കെ സെക്ഷൻ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി